(ബി) ഇപ്പോൾ ഏതു ക്ലാസ്സുവരെയുള്ള വിദ്യാർത്ഥികൾക്കാണ് പ്രസ്തുത ആനുകൂല്യം നൽകുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. സർക്കാർ അംഗീകരിച്ചിട്ടുള്ള നിരക്കിലുള്ള ലംപ്സംഗ്രാന്റും ഫീസാനുകൂല്യങ്ങളും നൽകുന്നുണ്ട്.

(ബി) പ്രസ്തുത ആനുകൂല്യം ഒന്നു മുതൽ പത്താം ക്ലാസ്സുവരെയുള്ള വിദ്യാർത്ഥികൾക്ക് നൽകുന്നുണ്ട്.

കായംകുളത്ത് ഒരു പോസ്റ്റ് മെട്രിക് ഹോസ്റ്റൽ

16 (179) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളത്ത് ഒരു പോസ്റ്റുമെട്രിക് ഹോസ്റ്റൽ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി അനുവദിക്കണമെന്ന കായംകുളം എം.എൽ.എയുടെ ആവശ്യത്തിൻ മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ;

(ബി) അഞ്ചൂറിൽപ്പരം പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾ പഠിക്കുന്ന എം.എസ്.എം കോളേജ് സ്ഥിതി ചെയ്യുന്ന കായംകുളത്ത് ഹോസ്റ്റൽ തുടങ്ങുവാൻ ആവശ്യത്തിന് വിദ്യാർത്ഥികളില്ല എന്ന ഏതെങ്കിലും റിപ്പോർട്ട് ഉദ്യോഗസ്ഥൻമാരിൽ നിന്നും സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(സി) ഇപ്രകാരം തെറ്റായ റിപ്പോർട്ട് നൽകിയിട്ടുണ്ടെങ്കിൽ അതു നൽകിയ ഉദ്യോഗസ്ഥന്റെ പേരിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) എം.എൽ.എ.യുടെ ആവശ്യം വിശദമായി പരിശോധിച്ചു. കഴിഞ്ഞ 20 വർഷമായി പുതിയ പോസ്റ്റുമെട്രിക് ഹോസ്റ്റലുകൾ അനുവദിച്ചിട്ടില്ല. ആ സാഹചര്യത്തിലും സർക്കാരിന്റെ സാമ്പത്തിക മിതവ്യയ നിയന്ത്രണത്തിന്റെ അടിസ്ഥാനത്തിലും തൽക്കാലം ഈ ആവശ്യം തീരുമാനത്തിനായി മാറ്റി വച്ചിരിക്കുകയാണ്.

(ബി) ലഭിച്ചിട്ടില്ല.

(സി) തെറ്റാണെന്ന് കണ്ടാൽ നടപടിയെടുക്കുന്നതാണ്.

തിരുവനന്തപുരം ജില്ലയിലെ പട്ടികജാതി-പട്ടികവർഗ്ഗ സങ്കേതങ്ങൾ

17 (180) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം ജില്ലയിൽ എത്ര പട്ടികജാതി-പട്ടികവർഗ്ഗ സങ്കേതങ്ങൾ അംഗീകരിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly